നിൽക്കുന്ന എല്ലാവരേയും താൽക്കാലികമായി ഡ്യൂട്ടിക്ക് പുനർ നിയോഗിക്കാൻ എല്ലാ യൂണിറ്റാഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

70 (362) നിറുത്തലാക്കിയ ബസ്സ് സർവ്വീസ് പുനരാരംഭിക്കാൻ നടപടി

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പുത്തൂർ-പവിത്രേശ്വരം-ചീരങ്കാവ് വഴി സർവ്വീസ് നടത്തിയിരുന്ന എത്ര സ്വകാര്യ ബസ്സുകൾ സർവ്വീസ് റദ്ദാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) റദ്ദാക്കിയിട്ടുള്ള സർവ്വീസുകൾ പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ആർ.ടി.ഒ.യ്ക്ക് നിർദ്ദേശം നൽകുമോ;

(സി) ഇതുവഴി സർവ്വീസ് നടത്തിയിട്ടുള്ള കെ.എസ്.ആർ.ടി.സി. ബസ്സ് ഏതെങ്കിലും റദ്ദാക്കിയിട്ടുണ്ടോ;

(ഡി) ഈ റൂട്ടിലെ യാത്രാക്ലേശം കണക്കിലെടുത്ത് കെ.എസ്.ആർ.ടി.സി. കൊട്ടാരക്കര കൊല്ലം ഡിപ്പോകളിലെ ഓർഡിനറി ബസ്സുകൾ പുത്തൂർ വഴി സർവ്വീസ് നടത്തുന്നതിനും മുടങ്ങിയ സർവ്വീസുകൾ പുനരാരംഭിക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഇല്ല.

(ഡി) ബസ്സുകളുടെയും ജീവനക്കാരുടെയും അപര്യാപ്തതമൂലം പുതിയ സർവ്വീസുകൾ ആരംഭിക്കാൻ തൽക്കാലം നിർവ്വാഹമില്ല.

71 (363) കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാർ

ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. എ.കെ. മണി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ കെ.എസ്.ആർ.ടി.സി.യിൽ എത്ര ഉദ്യോഗസ്ഥന്മാരും ജീവനക്കാരുമുണ്ട്;

(ബി) ഒരു ബസ്സ് ഓപ്പറേറ്റ് ചെയ്യാൻ ആകെ എത്ര വീതം ഉദ്യോഗസ്ഥന്മാരും ജീവനക്കാരുമാണുള്ളത്;

(സി) ഒരു കി.മീ. സർവ്വീസ് നടത്തുന്നതിന് കെ.എസ്.ആർ.ടി.സി.ക്ക് എന്ത് ചെലവ് വരുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ദീർഘകാലാവധിയിൽ പ്രവേശിച്ചിരിക്കുന്നവരും ഡെപ്യൂട്ടേഷനിൽ പോയിട്ടുള്ളവരുമുൾപ്പെടെ 24318 സ്ഥിരം ജീവനക്കാരും 204 ഓഫീസർമാരുമുണ്ട്.

(ബി) നിരത്തിലോടുന്ന ബസ്സ് ജീവനക്കാർ അനുപാതം 1:8:2 ആണ്.

(സി) 1997-98 സാമ്പത്തിക വർഷത്തെ കണക്കനുസരിച്ച്, ഒരു കിലോമീറ്റർ സർവ്വീസ് നടത്തുന്നതിന് ശരാശരി 12 രൂപ 27 പൈസ ചെലവു വരുന്നുണ്ട്.

72 (364) വെള്ളനാട് കെ.എസ്.ആർ.ടി.സി. ഡിപ്പോ

<u>ശ്രീ. പാലോട് രവി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ വെള്ളനാട് നിർമ്മാണം പൂർത്തിയാകുന്ന ഡിപ്പോയ്ക്കുവേണ്ടി നാട്ടുകാരുടെ സ്പോൺസർ കമ്മിറ്റി എത്ര ഏക്കർ സ്ഥലമാണ് കെ.എസ്.ആർ.ടി.സി.ക്ക് നൽകിയത്;

(ബി) ഇവിടെ ബസ്സ് സ്റ്റേഷൻ തുടങ്ങുന്നതിന് ഗവൺമെന്റും കെ.എസ്.ആർ.ടി.സി.യും എന്നാണ് അനുമതി നൽകിയത്;

(സി) പ്രസ്തുത ഡിപ്പോയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ടെൻഡർ വിളിച്ചത് എന്നാണ്;

(ഡി) ഡിപ്പോയുടെ നിർമ്മാണത്തിന് ഇതുവരെ എന്തു തുക കെ.എസ്.ആർ.ടി.സി. ചെലവാക്കി;

(ഇ) ഡിപ്പോയുടെ നിർമ്മാണ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് കെ.എസ്.ആർ.ടി.സി. എം.ഡി.യുടെയും ത്രിതല പഞ്ചായത്തുകളുടേയും സമിതി എന്തെല്ലാം തീരുമാനങ്ങളാണ് കൈക്കൊണ്ടത്;

(എഫ്) തീരുമാനമനുസരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(ജി) ഡിപ്പോയുടെ പ്രവർത്തനം എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മൂന്ന് ഏക്കർ.

(ബി) 28.2.95-ൽ കൂടിയ കെ.എസ്.ആർ.ടി.സി.യുടെ ഡയറക്ടർബോർഡ് യോഗം വെള്ളനാട് ഡിപ്പോ തുടങ്ങുന്നതിന് അനുമതി നൽകുകയുണ്ടായി.

(സി) 13.7.95-ലും 28.12.95-ലുമാണ് ടെൻഡർ വിളിച്ചത്.

(ഡി) ഇതുവരെ 24,63,764/- രൂപ ചെലവായിട്ടുണ്ട്.

(ഇ) ഗ്യാരേജ് ഒഴികെയുള്ള മറ്റു നിർമ്മാണ പ്രവർത്തനങ്ങൾ പഞ്ചായത്തു കമ്മിറ്റികൾ ഏറ്റെടുത്തു പൂർത്തിയാക്കി കെ.എസ്.ആർ.ടി.സി.ക്ക് കൈമാറും എന്നാണ് തീരുമാനിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly